FEELA KANNUR

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2021 സെപ്റ്റംബർ 18<br>18th September 2021<br>1197 കന്നി 2<br>2nd Kanni 1197<br>1943 ഭാദ്രം 27<br>27th Bhadra 1943 | നമ്പർ<br>No. | 2735 |

### കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ. ഡി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 43/2021/തസ്വഭവ. *തിരുവനന്തപുരം, 2021 ജൂലൈ 26*
*1196 കർക്കടകം 10*
*1943 ശ്രാവണം 4.*

**എസ്. ആർ. ഒ. നമ്പർ 704/2021**

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 112-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ നിർമ്മിക്കുന്നു, അതായത്:-

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ എന്ന് പേര് പറയാം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.-(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,-

(എ) "ആക്റ്റ് " എന്നാൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) എന്നർത്ഥമാകുന്നു.

(ബി) ''സ്പെഷ്യൽ കമ്മിറ്റി'' എന്നാൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 32-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന കമ്മിറ്റി എന്നർത്ഥമാകുന്നു;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9)-ൽ നിർവ്വചിച്ചിട്ടുള്ളതുമായ എല്ലാ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. പ്രമേയം വഴി വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി ക്രമം.-(1) മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമ പഞ്ചായത്തോ, പ്രമേയം വഴി, പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതോ തയ്യാറാക്കുന്നതോ തയ്യാറാക്കിക്കുന്നതോ ആയ വിശദ നഗരാസൂത്രണ പദ്ധതിയിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്, അതായത്:-

(i) ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ;

(ii) റവന്യൂ സർവ്വെ അല്ലെങ്കിൽ റീ സർവ്വെ നമ്പർ എന്നിവയോടൊപ്പം ബ്ലോക്കു നമ്പർ (ബാധകമായിടത്ത്), ഉൾപ്പെട്ടിട്ടുള്ള റവന്യൂ വാർഡ് നമ്പർ/ദേശം;

(iii) ഉൾപ്പെട്ടിട്ടുള്ള റവന്യൂ വില്ലേജുകളുടെ പേര്;

(iv) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തീർണ്ണം;

(v) പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത് ഏത് ആവശ്യത്തിനാണെന്നുള്ള പ്രസ്താവന.

(2) പദ്ധതിയോടൊപ്പം സമർപ്പിക്കുന്ന മാപ്പിന്റെ സ്കെയിൽ 1:1000-ൽ കുറയാൻ പാടില്ലാത്തതും ഈ മാപ്പിന് 'ഡിഎസ്എൻ/01' എന്ന് പേര് നൽകുകയും, അതിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്, അതായത്:-

(i) ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ;

(ii) ആസൂത്രണ പ്രദേശത്തെ റവന്യൂ സർവ്വെ അല്ലെങ്കിൽ റീ സർവ്വെ നമ്പരുകൾ, ബ്ലോക്ക് നമ്പരുകൾ (ബാധകമായിടത്ത്),

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

റവന്യൂ വാർഡ് നമ്പരുകൾ/ദേശം, ഉൾപ്പെട്ടിട്ടുള്ള റവന്യൂ വില്ലേജ്; അവയുടെ അതിരുകളോട്ടു കൂടി;

(iii) മാപ്പിന്റെ സ്കെയിലും ലെജണ്ടും വടക്ക ദിശയും; കൂടാതെ

(iv) ആവശ്യമെങ്കിൽ, ആസൂത്രണ പ്രദേശത്തെ മറ്റെന്തെങ്കിലും തിരിച്ചറിയാവുന്ന സവിശേഷതകൾ.

4. <u>വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യം കാണിച്ചുകൊണ്ടുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ട രീതി.–</u>

(1)മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ ഒരു വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യം, ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ, ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ട് ഫാറം-I ൽ, താഴെപ്പറയുന്നവയിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്, അതായത്:–

(i) ഔദ്യോഗിക ഗസറ്റ്;

(ii) തദ്ദേശ ഭരണ പ്രദേശത്ത് പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാന പത്രം;

(iii) നോട്ടീസ് ബോർഡ്; കൂടാതെ

(iv) ഔദ്യോഗിക വെബ് സൈറ്റ്;

(2)ആക്റ്റിലെ 49-ാം വകുപ്പ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ, അതിനെ ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം വ്യക്തമാക്കുന്ന വിജ്ഞാപനമായി കരുതപ്പെടേണ്ടതാണ്. ഈ സാഹചര്യത്തിൽ, ഇക്കാര്യം മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമ പഞ്ചായത്തോ, കഴിയുന്നതും നേരത്തേ, അവരുടെ ഔദ്യോഗിക വെബ് സൈറ്റിലും നോട്ടീസ് ബോർഡിലും തദ്ദേശ പ്രദേശത്ത് പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാന പത്രത്തിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(3)മുനിസിപ്പൽ കോർപ്പേറേഷനോ മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് ജില്ലാ ആസൂത്രണ കമ്മിറ്റിക്കും മേട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി ഏതെങ്കിലും ഉണ്ടെങ്കിൽ അതിനും അയച്ചു കൊടുക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

5.സ്പെഷ്യൽ കമ്മിറ്റി.– സ്പെഷ്യൽ കമ്മിറ്റി, താഴെപ്പറയുന്ന ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനേയോ മുനിസിപ്പൽ കൗൺസിലിനേയോ ടൗൺ പഞ്ചായത്തിനേയോ ഗ്രാമപഞ്ചായത്തിനേയോ സഹായിക്കേണ്ടതാണ്, അതായത്:–

(i) ഏകോപനം, നടപടി സ്വീകരിക്കൽ, പുരോഗതി വിലയിരുത്തൽ ഉൾപ്പെടെയുള്ള കരട് വിശദനഗരാസൂത്രണ പദ്ധതി തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുന്ന പ്രക്രിയയ്ക്ക്; അല്ലെങ്കിൽ

പ്രസിദ്ധീകരിച്ച ഒരു കരട് വിശദ നഗരാസൂത്രണ പദ്ധതി പരിഷ്കരണങ്ങളോട്ടു കൂടിയോ അല്ലാതെയോ സ്വീകരിക്കണമെന്നാണ് പ്രമേയമെങ്കിൽ, ആയത് പരിശോധിച്ച് ആവശ്യമായ ശിപാർശ നൽകുന്നതിന്;

(ii) അഭിപ്രായങ്ങളും ആക്ഷേപങ്ങളും പരിശോധിച്ച് നേരിൽ കേൾക്കാനുള്ള അവസരം രേഖാമൂലം ആവശ്യപ്പെട്ട ആളുകളെ കേൾക്കുന്നതിന് ന്യായമായ അവസരം അനുവദിച്ച ശേഷം, ഫാറം VIII–ൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന്;

(iii) ആവശ്യമെങ്കിൽ കരട് പദ്ധതി പരിഷ്കരിക്കുന്നതിന്;

(iv) വിശദ നഗരാസൂത്രണ പദ്ധതി പുനരവലോകനം ചെയ്യുന്നതിന്; കൂടാതെ

(v)വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതുമായോ തയ്യാറാക്കിക്കുന്നതുമായോ പരിഷ്കരണങ്ങളോട്ടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതുമായോ ബന്ധപ്പെട്ട് മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ ഏല്പിക്കുന്ന മറ്റെന്തെങ്കിലും പ്രവൃത്തികൾക്ക്.

6.കരട് വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കൽ.–(1)വിശദ നഗരാ–സൂത്രണ പദ്ധതി തയ്യാറാക്കാനോ, തയ്യാറാക്കിക്കാനോ പ്രമേയം വഴി തീരുമാനിച്ച സംഗതിയിൽ,–

(എ) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ സ്പെഷ്യൽ കമ്മിറ്റിയുടെ സഹായത്തോടെ കരട് വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുകയോ അല്ലെങ്കിൽ കരട് വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതിനായി ആസൂത്രണവുമായി ബന്ധപ്പെട്ട ചീഫ് ടൗൺ പ്ലാനറെ ചുമതലപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

(ബി) ഔദ്യോഗിക ഗസറ്റിൽ ഫാറം–I പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ട് വർഷത്തിനകം, കരട് വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കേണ്ടതും, അങ്ങനെ തയ്യാറാക്കുമ്പോൾ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗുമായും, ബന്ധപ്പെട്ട മറ്റ് സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവരുമായും കൂടി ആലോചിക്കേണ്ടതുമാണ്.

(2) കരട് വിശദ നഗരാസൂത്രണ പദ്ധതി പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കാമെന്ന് പ്രമേയം വഴി തീരുമാനിച്ച സംഗതിയിൽ,–

(എ) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ, ഒരു കരട് വിശദ നഗരാസൂത്രണ പദ്ധതി പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കാനുള്ള ഉദ്ദേശ്യം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ, ആ വിശദ നഗരാസൂത്രണ പദ്ധതിയെ പ്രമേയം വഴി സ്വീകരിക്കേണ്ടതും, ആക്റ്റിലെ 46–ാം വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ബി) കരട് വിശദ നഗരാസൂത്രണപദ്ധതി പരിഷ്കരണങ്ങളില്ലാതെയോ പരിഷ്കരിച്ച ശേഷമോ സ്വീകരിക്കേണ്ടതും, 46–ാം വകുപ്പ് (2)–ാം ഉപവകുപ്പ് പ്രകാരം ഔദ്യോഗിക ഗസറ്റിൽ ഫാറം–I പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ടു വർഷത്തിനകം പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഇങ്ങനെയുള്ള പദ്ധതി സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗുമായും, ബന്ധപ്പെട്ട മറ്റ് സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവരുമായും കൂടി ആലോചിക്കേണ്ടതുമാണ്.

7.<u>വിശദ നഗരാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ.–</u> ആക്റ്റിലെ 45–ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള വിശദാംശങ്ങൾക്ക് പുറമെ വിശദ നഗരാസൂത്രണ പദ്ധതിയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ബാധകമായിടത്തോളം കൈകാര്യം ചെയ്യേണ്ടതും, അതിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കേണ്ടതുമാണ്, അതായത്:–

(എ) താഴെപ്പറയുന്നവ ഉൾപ്പെടുന്ന റിപ്പോർട്ട്;

(i) ആസൂത്രണ പ്രദേശത്തെ സംബന്ധിച്ച സംക്ഷിപ്ത വിശദീകരണം;

(ii) വിശദ നഗരാസൂത്രണ പദ്ധതി നടപ്പിലാക്കേണ്ടത് ഏത് ഭൂപ്രദേശത്തിലാണെന്നത് ഫാറം II–ൽ;

(iii) നിലവിൽ മാസ്റ്റർ പ്ലാൻ ഉണ്ടെങ്കിൽ, പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരം ആസൂത്രണ പ്രദേശത്ത് ബാധകമായ കാര്യങ്ങളുടെ സംക്ഷിപ്ത വിശദീകരണം;

(iv) വിശദ നഗരാസൂത്രണ പദ്ധതിയുടെ ഉദ്ദേശ്യം;

(v) പദ്ധതി നിർദ്ദേശങ്ങളുടെ വിശദീകരണം;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

(vi) വികസന നിയന്ത്രണ വ്യവസ്ഥകൾ; അപകടസാധ്യത കുറയ്ക്കുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള പ്ലാനുകൾ;

(vii) താഴെപ്പറയുന്നവ കാണിക്കുന്ന ഫാറം III–ലെ സ്റ്റേറ്റ്മെന്റ്;

– പുതുതായി നിർദ്ദേശിച്ചിരിക്കുന്ന നിരത്തുകൾ, കൂടാതെ

–നിലവിലെ നിരത്തുകൾ വീതി കൂട്ടുന്നതിനായുള്ള നിർദ്ദേശങ്ങൾ

(viii) ഏറ്റെടുക്കലിനായി ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരങ്ങൾ കാണിക്കുന്ന ഫാറം IV ലുള്ള സ്റ്റേറ്റ്മെന്റ്;

(ix) ആക്റ്റിലെ 45–ാം വകുപ്പ് പ്രകാരം നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരങ്ങൾ കാണിക്കുന്ന ഫാറം V;

(x) ആക്റ്റിലെ 45–ാം വകുപ്പ് (2)–ാം ഉപവകുപ്പ് (സി) ഖണ്ഡ പ്രകാരം ആവശ്യമായ ആകെ മതിപ്പ് ചെലവ് കാണിക്കുന്ന ഫാറം VI;

(xi) ആക്റ്റിലെ 45–ാം വകുപ്പ് (2)–ാം ഉപവകുപ്പ് (സി) ഖണ്ഡ പ്രകാരം ആവശ്യമായ ഫണ്ടിന്റെ സ്രോതസ്സും ചെലവ് വസൂലാക്കൽ സ്റ്റേറ്റ്മെന്റും;

(xii)ആസ്തികൾ കൈയൊഴിക്കുന്നതിന്റെ രീതി, നടത്തിപ്പിനും പരിപാലനത്തിനുമുള്ള സംവിധാനം, ഏതെങ്കിലും ഉണ്ടെങ്കിൽ അത്;

(xiii) ആസൂത്രിത വികസനം ഉറപ്പാക്കുന്നതിന് ആവശ്യമാണെന്ന് പരിഗണിക്കാവുന്ന മറ്റേതെങ്കിലും കാര്യം.

(ബി) പ്ലാൻ തയ്യാറാക്കുന്ന മുഴുവൻ പ്രദേശത്തിനായി 1:2000–ൽ കുറയാത്ത അനുയോജ്യമായ സ്കെയിലിൽ തയ്യാറാക്കിയ കരട് വിശദ നഗരാസൂത്രണ പദ്ധതി മാപ്പിൽ (‘ഡിഎസ്എൻ/02’ എന്ന് വിളിക്കപ്പെടും) താഴെ പറയുന്ന കാര്യങ്ങൾ കാണിക്കേണ്ടതാണ്, അതായത്:–

(i) ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ;

(ii) ആസൂത്രണ പ്രദേശത്തെ റവന്യൂ സർവേ അല്ലെങ്കിൽ റീസർവ്വേ നമ്പരുകൾ, ബ്ലോക്ക് നമ്പരുകൾ (ബാധകമായിടത്ത്), കൂടാതെ റവന്യൂ വാർഡ് നമ്പരുകൾ, ദേശത്തിന്റെ പേര് ഉൾപ്പെട്ടിട്ടുള്ള റവന്യൂ വില്ലേജിന്റെ പേര്; അതിരുകളോട്ടു കൂടി;

(iii) മാപ്പിന്റെ സ്കെയിലും ലെജണ്ടും വടക്ക ദിശയും; കൂടാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

(iv) ആക്റ്റിലെ 45–ാം വകുപ്പിന്റെ 1–ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ആസൂത്രണ പ്രദേശത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ കഴിയുന്നിടത്തോളം ബാധകമായവ, അതായത്:–

–വികസനം പ്രോത്സാഹിപ്പിക്കുകയോ നിയന്ത്രിക്കുകയോ പരിമിതപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യുന്നതിനായി വിവിധ ഉപയോഗ മേഖലകളായി നീക്കിവെച്ചിട്ടുള്ള പ്രദേശങ്ങൾ;

–ഏതെങ്കിലും പ്രദേശത്തിനോ പ്രദേശങ്ങൾക്കോ പ്രത്യേകമായോ അധികമായോ നൽകേണ്ട വികസന നിയന്ത്രണങ്ങൾ, ഏതെങ്കിലുമുണ്ടെങ്കിൽ അത്;

–നിരത്തുകളുടെ വിന്യാസം;

–ദുരന്തസാധ്യതാ പ്രദേശങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയുടെ അവലോകനവും അതു സംബന്ധിച്ച വിവരങ്ങളും;

–പ്ലോട്ടുകളുടെ വിഭജനം, ഏതെങ്കിലും പ്രത്യേക പദ്ധതികൾക്കായുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ സ്ഥാനങ്ങൾ, ഏതെങ്കിലുമുണ്ടെങ്കിൽ അത്;

–ആസൂത്രണ പ്രദേശത്തെ സംബന്ധിക്കുന്ന മറ്റു പ്രത്യേക നിർദ്ദേശങ്ങൾ, ആവശ്യമുണ്ടെങ്കിൽ അത്.

8. <u>കരട് വിശദ നഗരാസൂത്രണ പദ്ധതിയുടെ പ്രസിദ്ധീകരണം.–</u>(1) മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ, പ്രമേയം വഴി, കരട് വിശദ നഗരാസൂത്രണ പദ്ധതി അംഗീകരിക്കുകയും അപ്രകാരമുള്ള കരട് വിശദ നഗരാസൂത്രണ പദ്ധതി അവരുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.

(2) മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ, ഔദ്യോഗിക ഗസറ്റിൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ കരട് വിശദ നഗരാസൂത്രണ പദ്ധതി സംബന്ധിച്ച് സമർപ്പിക്കേണ്ട ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ടുള്ള പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ്, ഫാറം VII–ൽ താഴെ പറയുന്നവയിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(i) ഔദ്യോഗിക ഗസറ്റ്;

(ii) തദ്ദേശാസൂത്രണ പ്രദേശത്ത് പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാന പത്രങ്ങൾ, അതിൽ ഒന്ന് പ്രാദേശിക ഭാഷയിലുള്ളതായിരിക്കണം;

(iii) നോട്ടീസ് ബോർഡ്; കൂടാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

(iv) ഔദ്യോഗിക വെബ് സൈറ്റ്.

9. <u>വിശദ നഗരാസൂത്രണ പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമം.</u>–(1) ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഫയൽ ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി കഴിഞ്ഞതിനു ശേഷം ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ, ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയ പരിധി മുതൽ അറുപത് ദിവസ കാലയളവിനുള്ളിൽ താഴെ പറയുന്ന നടപടിക്രമം പാലിച്ചതിനു ശേഷം വിശദ നഗരാസൂത്രണ പദ്ധതി സർക്കാരിലേക്ക് അനുമതിക്കായി ചീഫ് ടൗൺ പ്ലാനർ മുഖേന അയയ്ക്കേണ്ടതാണ്, അതായത്:–

(i) പ്രസിദ്ധീകരിച്ച കരട് വിശദ നഗരാസൂത്രണ പദ്ധതി സംബന്ധിച്ച് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കുക, അതിനനുസരിച്ച് നടപടികൾ സ്വീകരിക്കുക;

(ii) കേൾക്കാനുള്ള അവസരത്തിനായി രേഖാമൂലം ആവശ്യപ്പെടുകയും, ഇതിനായി കൗൺസിൽ/പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ ഹാജരായ ആളുകളെ കേൾക്കുക;

(iii) ഫാറം VIII–ൽ റിപ്പോർട്ട് തയ്യാറാക്കുക;

(iv) കരട് വിശദ നഗരാസൂത്രണ പദ്ധതിയുടെ മാപ്പിലും റിപ്പോർട്ടിലും പരിഷ്കരണം ഏതെങ്കിലുമുണ്ടെങ്കിൽ അത് വരുത്തുക; ഇത്തരത്തിൽ പരിഷ്കരണം വരുത്തിയ മാപ്പ് 'ഡിഎസ്എൻ/02 പരിഷ്കരിച്ചത്' എന്ന് വിളിക്കപ്പെടും.

(v) കരട് വിശദ നഗരാസൂത്രണ പദ്ധതി (പരിഷ്കരണം വരുത്തിയതോ വരുത്താത്തതോ) പ്രമേയം വഴി അംഗീകരിക്കുക; ഇത്തരത്തിൽ അംഗീകരിച്ച മാപ്പ് 'ഡിഎസ്എൻ/03' എന്ന് വിളിക്കപ്പെടും, കൂടാതെ

(vi) മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ മേൽപ്പറഞ്ഞ (i) മുതൽ (iv) വരെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിനായി സ്പെഷ്യൽ കമ്മിറ്റിയെ ചുമതലപ്പെടുത്താവുന്നതാണ്.

ചീഫ് ടൗൺ പ്ലാനർ, അങ്ങനെയുള്ള കരട് വിശദ നഗരാസൂത്രണ പദ്ധതി ലഭിച്ച് കഴിവതും അറുപത് ദിവസങ്ങൾക്കകം, പദ്ധതിയിൻമേലുള്ള അഭിപ്രായം സഹിതം സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

(2) വിശദ നഗരാസൂത്രണ പദ്ധതിയുടെ അംഗീകാരത്തിനായി താഴെ പറയുന്ന വിശദാംശങ്ങൾ ഫാറം IX–ൽ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

(i) വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുകയോ പരിഷ്കരണങ്ങളോട്ടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ ഉള്ള പ്രമേയത്തിന്റെ പകർപ്പുകൾ, യഥാവിധി ഒപ്പിട്ടത് കുറഞ്ഞത് 2 എണ്ണം;

(ii) വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ പരിഷ്കരണങ്ങളോട്ടു കൂടിയോ അല്ലാതെയോ സ്വീകരിക്കുകയോ ചെയ്യുന്നതിനുള്ള ഉദ്ദേശ്യം ഫാറം-I ൽ വിജ്ഞാപനം ചെയ്തത്;

ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചത് -കുറഞ്ഞത് 2 എണ്ണം;

വർത്തമാന പത്രത്തിൽ പ്രസിദ്ധീകരിച്ചത്-കുറഞ്ഞത് 2 എണ്ണം

(iii) ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ കാണിക്കുന്ന ഡിഎസ്എൻ/01 മാപ്പും വിശദ നഗരാസൂത്രണ പദ്ധതിയുടെ ഡിഎസ്എൻ/03 സ്കീം മാപ്പും റിപ്പോർട്ടും അടങ്ങുന്ന വിശദ നഗരാസൂത്രണ പദ്ധതി രേഖ, എല്ലാം യഥാവിധി ഒപ്പിട്ടത് കുറഞ്ഞത് 5 സെറ്റുകൾ;

(iv) ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് വിശദ നഗരാസൂത്രണ പദ്ധതി പ്രസിദ്ധീകരിച്ച ഫാറം VII-ലുള്ള നോട്ടീസ്;

ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചത് -കുറഞ്ഞത് 2 എണ്ണം;

വർത്തമാന പത്രത്തിൽ പ്രസിദ്ധീകരിച്ചത്-കുറഞ്ഞത് 2 എണ്ണം;

(v) ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അസ്സൽ;

(vi) മുനിസിപ്പൽ കോർപ്പറേഷന്റെയോ, കൗൺസിലിന്റെയോ, ടൗൺ പഞ്ചായത്തിന്റെയോ, ഗ്രാമപഞ്ചായത്തിന്റെയോ ശിപാർശ അടങ്ങിയ യഥാവിധി ഒപ്പിട്ട ഫാറം VIII;

(vii) കരട് വിശദ നഗരാസൂത്രണ പദ്ധതി അംഗീകരിച്ച പ്രമേയത്തിന്റെ പകർപ്പുകൾ യഥാവിധി ഒപ്പിട്ടത് - കുറഞ്ഞത് 2 എണ്ണം.

10. <u>വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് അനുമതി നൽകൽ.</u>-(1) സർക്കാർ അനുമതി നൽകിയ വിശദ നഗരാസൂത്രണ പദ്ധതി മാപ്പ് 'ഡിഎസ്എൻ/04' എന്നറിയപ്പെടും.

(2)സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിഷ്കരണങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവ ഉൾപ്പെടുത്തുന്നതിനായി വിശദ നഗരാസൂത്രണ പദ്ധതി തിരിച്ചയയ്ക്കുകയാണെങ്കിൽ, സർക്കാരിൽ നിന്നും പരിഷ്കരണത്തിനായി ലഭിച്ച തീയതി മുതൽ തൊണ്ണൂറു ദിവസത്തിനുള്ളിൽ ഈ ചട്ടങ്ങളിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പരിഷ്കരിച്ച വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് അനുമതി നേടുന്നതിനായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം പരിഷ്കരിച്ച വിശദ നഗരാസൂത്രണ പദ്ധതി മാപ്പ് 'ഡിഎസ്എൻ/03 (പരിഷ്കരിച്ചത്)' എന്നറിയപ്പെട്ടും.

11. വിശദ നഗരാസൂത്രണ പദ്ധതിയുടെ അനുമതി സംബന്ധിച്ച് മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ മുതലായവ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന രീതി.-(1) മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ, വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് അനുമതി ലഭിച്ച വസ്തുത ഫാറം X-ൽ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(2) മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ, വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയ വസ്തുത സംബന്ധിച്ച ഫാറം XI-ലുള്ള നോട്ടീസ്, വിശദ നഗരാസൂത്രണ പദ്ധതിയുടെ പകർപ്പ് റഫറൻസിനോ വിൽപ്പനയ്ക്കോ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സ്ഥലമോ സ്ഥലങ്ങളോ പരാമർശിച്ചു കൊണ്ടുള്ളത്, താഴെ പറയുന്നവയിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്.

(i) പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു തദ്ദേശ വർത്തമാന പത്രം.

(ii) നോട്ടീസ് ബോർഡ്; കൂടാതെ

(iii) ഔദ്യോഗിക വെബ് സൈറ്റ്.

(3) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ സർക്കാർ അനുമതി നൽകിയ വിശദ നഗരാസൂത്രണ പദ്ധതി അവരുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

12. ഇടക്കാല വികസന ഉത്തരവുകളുടെ പ്രസിദ്ധീകരണം.-(1) ഇടക്കാല വികസന ഉത്തരവിന് സർക്കാർ അനുമതി നൽകിയ വസ്തുത സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്;

(2) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ, ആയതിന്റെ പകർപ്പ് താഴെ പറയുന്നവയിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

(i) നോട്ടീസ് ബോർഡ്;

(ii) പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു തദ്ദേശ വർത്തമാനപത്രം;

(iii) ഔദ്യോഗിക വെബ് സൈറ്റ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

(3) ആക്റ്റിന്റെ 63-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരം അനുമതി ലഭിച്ച ഇടക്കാല വികസന ഉത്തരവ് മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമ പഞ്ചായത്തോ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

13. മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ മുതലായവ വിശദ നഗരാസൂത്രണ പദ്ധതികളുടെ പുനരവലോകനവും, പുതുക്കലും വ്യതിയാനം വരുത്തലും, റദ്ദാക്കലും ചെയ്യുന്നത്:-(1) വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് അനുമതി ലഭിച്ച തീയതി മുതൽ പത്തു വർഷം കഴിഞ്ഞാലുടനേയോ അല്ലെങ്കിൽ സർക്കാരിന്റെ സമ്മതത്തോടു കൂടി അതിനു മുൻപുള്ള ഒരു തീയതിയിലോ അതത് സംഗതിപോലെ, മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ വിശദ നഗരാസൂത്രണ പദ്ധതി പുനരവലോകനം ചെയ്യുകയോ പരിഷ്കരിക്കുകയോ മറ്റൊരു പ്ലാൻ മുഖേന റദ്ദാക്കുകയോ, ഭേദഗതികളൊന്നുമില്ലാതെ തുടരുകയോ ചെയ്യുന്നത് സംബന്ധിച്ച് ശിപാർശകൾ നൽകുന്നതിലേക്കായി പ്രമേയം വഴി ആക്റ്റിന്റെ 32-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപചട്ട പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റി, അവരുടെ നിർദ്ദേശങ്ങൾ അതത് സംഗതിപോലെ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ നൽകേണ്ടതാണ്.

(3) അതതു, സംഗതിപോലെ, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ അപ്രകാരമുള്ള ശിപാർശകൾ അറുപതു ദിവസത്തിനുള്ളിൽ പരിഗണിച്ച് വിശദ നഗരാസൂത്രണ പദ്ധതി പരിഷ്കരിക്കുകയോ, വ്യതിയാനം വരുത്തുകയോ, മറ്റൊരു വിശദ നഗരാസൂത്രണ പദ്ധതി മുഖേന റദ്ദാക്കുകയോ അല്ലെങ്കിൽ ഭേദഗതികളില്ലാതെ വിശദ നഗരാസൂത്രണ പദ്ധതി തുടരുകയോ ചെയ്യുന്നതിന് തീരുമാനം എടുക്കേണ്ടതും ആക്റ്റിന്റെ 46-ാം വകുപ്പ് (4)-ാം ഉപവകുപ്പിന് അനുസൃതമായി അനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(4) ഭേദഗതികളില്ലാതെ വിശദ നഗരാസൂത്രണ പദ്ധതി തുടരാൻ തീരുമാനിക്കുന്ന പക്ഷം തുടർന്നുള്ള പത്ത് വർഷം കഴിഞ്ഞാലുടനെയോ അപ്രകാരം തീരുമാനിച്ചതു പ്രകാരം അതിന് മുൻപുള്ള ഒരു കാലയളവിനുള്ളിലോ പ്ലാൻ പുനരവലോകനം ചെയ്യേണ്ടതാണ്.

(5) വിശദ നഗരാസൂത്രണ പദ്ധതി പുതുക്കാനോ, വ്യതിയാനം വരുത്താനോ റദ്ദാക്കാനോ തീരുമാനിക്കുന്ന പക്ഷം അപ്രകാരം തയ്യാറാക്കുന്ന പ്ലാൻ ആക്റ്റിന്റെയും ഈ ചട്ടങ്ങളുടെയും വ്യവസ്ഥകൾക്ക് അനുസൃതമായി തയ്യാറാക്കേണ്ടതും അനുമതി നേടേണ്ടതുമാണ്.

14. സർക്കാർ വിശദ നഗരാസൂത്രണ പദ്ധതിയിൽ വ്യതിയാനം വരുത്തുന്ന ആവശ്യത്തിലേയ്ക്കായി വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന രീതി.-(1) സർക്കാർ 50-ാം വകുപ്പ് (3)-ാം ഉപവകുപ്പിന് കീഴിൽ പുറപ്പെടുവിക്കാനായി ഉദ്ദേശിക്കുന്ന വിജ്ഞാപനത്തിന്റെ കരട്, ഫാറം XII-ൽ, ഔദ്യോഗിക ഗസറ്റിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

പ്രസിദ്ധീകരിക്കേണ്ടതും, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കേണ്ടതും ആയതിലേയ്ക്ക് ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കേണ്ട തീയതി, അങ്ങനെയുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ അല്ലെങ്കിൽ അധികാരപ്പെടുത്തിയിട്ടുള്ള അധികാര സ്ഥാനം എന്നിവ വ്യക്തമാക്കേണ്ടതുമാണ്.

(2) സർക്കാർ, അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ കരട് പ്രസിദ്ധീകരിച്ചതിനു ശേഷം ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലിനോ, ടൗൺ പഞ്ചായത്തിനോ, ഗ്രാമപഞ്ചായത്തിനോ ജില്ലാ ആസൂത്രണ കമ്മിറ്റിക്കും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റി ഉണ്ടെങ്കിൽ അതിനും, അങ്ങനെയുള്ള കരടിന്മേൽ ആക്ഷേപമോ, അഭിപ്രായമോ, ഏതെങ്കിലുമുണ്ടെങ്കിൽ, കരടിൽ വ്യക്തമാക്കിയിട്ടുള്ള കാലാവധിക്കുള്ളിൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനായി, പ്രസ്തുത കരടിന്റെ പകർപ്പുകൾ നൽകേണ്ടതാണ്.

(3) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ കരടിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും അവരുടെ വെബ് സൈറ്റിൽ നൽകുകയും വഴി പുനഃപ്രസിദ്ധീകരിക്കേണ്ടതാണ്.

(4) മേൽ (1), (2) എന്നീ ഉപചട്ടങ്ങൾക്കു കീഴിൽ ഏതെങ്കിലും ആക്ഷേപമോ അഭിപ്രായമോ ലഭിച്ചിട്ടുണ്ടെങ്കിൽ അത് സർക്കാർ പരിഗണിക്കേണ്ടതും (1)-ാം ഉപചട്ടം പ്രകാരം ഫാറം XIII-ൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപായി, സർക്കാരിന് യുക്തമെന്നു കരുതുന്ന പരിഷ്കരണങ്ങൾ വരുത്താവുന്നതുമാണ്.

15. <u>സംശയങ്ങളും മറ്റും ദൂരീകരിക്കൽ:-</u>ഏതെങ്കിലും വ്യവസ്ഥയുടെ വ്യാഖ്യാനം സംബന്ധിച്ച് സംശയങ്ങൾ ഉണ്ടാകുമ്പോഴോ അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥയുടെ നടത്തിപ്പ് സംബന്ധിച്ച് പ്രതിബന്ധം ഉണ്ടാകുന്ന പക്ഷമോ, സംശയം വിശദീകരിക്കുന്നതിനോ അല്ലെങ്കിൽ പ്രതിബന്ധം നീക്കുന്നതിനോ ആയി സർക്കാരിന് നിർദ്ദേശം പുറപ്പെടുവിക്കാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

<u>ഫാറം–I</u>

2021–ലെ കേരള നഗര–ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 4(1) കാണുക]

…………………………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ ഗ്രാമ പഞ്ചായത്ത്

<u>2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റിലെ (2016–ലെ 9) 46–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം ……………………………….വേണ്ടിയുള്ള വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കുന്നതിനോ പരിഷ്കരണങ്ങളില്ലാതെ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം</u>

(വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കുന്നതിനോ പരിഷ്കരണങ്ങളില്ലാതെ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യം ഇവിടെ വിശദമാക്കുക)

2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റിലെ 46–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം, ………………………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് താഴെ വിശദമാക്കിയിരിക്കുന്ന ഉദ്ദേശ്യങ്ങളോടും ലക്ഷ്യങ്ങളോടും കൂടി ആസൂത്രണ പ്രദേശത്തിന് വേണ്ടി ഒരു വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കാൻ/തയ്യാറാക്കിക്കാൻ/പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കാൻ/പരിഷ്കരണങ്ങളില്ലാതെ സ്വീകരിക്കാൻ …… തീയതിയിൽ നടന്ന യോഗത്തിലെ ……. നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ.) പദ്ധതിയുടെ ഉദ്ദേശ്യം.

(ബി.) പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി.) <u>അതിരുകൾ:</u>

വടക്ക് ………………………………………

കിഴക്ക് ………………………………………

തെക്ക് ………………………………………

പടിഞ്ഞാറ് ……………………………………

(ഡി.) <u>റവന്യൂ സർവ്വെ അല്ലെങ്കിൽ റീ സർവ്വെ നമ്പരുകൾ, ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും/ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര്, അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേര്</u>

……………………………………………………………

……………………………………………………………

……………………………………………………………

(ഇ.) <u>ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി</u>

……………………………………………………………… ഹെക്ടർ"

ആസൂത്രണ പ്രദേശത്തിന്റെ മാപ്പ് (ഡിഎസ്എൻ/01)……………………. മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഓഫീസ് പ്രവൃത്തി സമയത്ത് പരിശോധനയ്ക്കായി സൂക്ഷിച്ചിരിക്കുന്നു.

2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റിലെ 46–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

സെക്രട്ടറി മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : …………………..
തീയതി :…………………..

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

ഫാറം–II

2021–ലെ കേരള നഗര–ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 7(എ) (ii) കാണുക]

……………………………………………………. വിശദ നഗരാസൂത്രണ പദ്ധതി

………………………. മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പൽ കൗൺസിൽ/ടൗൺ

പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത്

വിശദ നഗരാസൂത്രണ പദ്ധതി നടപ്പിലാക്കേണ്ട ഭൂമി സംബന്ധിച്ച്:

………………………………… വിശദ നഗരാസൂത്രണ പദ്ധതി നടപ്പിലാക്കേണ്ടത് ഏത് ഭൂമിയിലാണെന്ന് താഴെ വിവരിച്ചിരിക്കുന്നു.

(എ.) ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ:

വടക്ക് ………………………………………..

കിഴക്ക് ………………………………………..

തെക്ക് ………………………………………..

പടിഞ്ഞാറ് …………………………………….

(ബി.) റവന്യൂ സർവ്വെ അല്ലെങ്കിൽ റീ സർവ്വെ നമ്പരുകളും, ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും/ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര്, അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേരും

………………………………………………………………………………………………………………………………….

………………………………………………………………………………………………………………………………….

………………………………………………………………………………………………………………………………….

സെക്രട്ടറി          മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : …………………

തീയതി : …………………

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

ഫാറം-III

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം (7)(എ) (vii) കാണുക]

…………………………………………………. വിശദ നഗരാസൂത്രണ പദ്ധതി

…………………….. മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പൽ കൗൺസിൽ/ടൗൺ

പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത്

നിർദ്ദേശിച്ചിരിക്കുന്ന പുതിയ നിരത്തുകളും വീതി കൂട്ടുവാൻ നിർദ്ദേശിച്ചിരിക്കുന്ന നിലവിലെ നിരത്തുകളും:

| വിശദ നഗരാസൂത്രണ പദ്ധതി പ്രകാരം നിരത്തിനു നൽകിയിരിക്കുന്ന പേര് (ഡിഎസ്എൻ/ …..) | നിരത്തിന്റെ വിശദീകരണം | പുതിയ നിരത്തോ നിലവിലെ നിരത്തിന്റെ വീതി കൂട്ടലോ എന്നത് | നിരത്തിന്റെ നീളം മീറ്ററിൽ | നിർദ്ദേശിച്ചിരിക്കുന്ന നിരത്തിന്റെ വീതി | നിരത്തിന്റെ അതിരിൽ നിന്ന് ബിൽഡിംഗ് ലൈനിലേക്കുള്ള ദൂരം | കുറിപ്പ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| | | | | | | |

സെക്രട്ടറി

മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : …………………..
തീയതി :…………………..

FEELA KANNUR

ഫാറം-IV

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 7 (എ) (viii) കാണുക]

………………………. മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്

വേണ്ടിയുള്ള വിശദ നഗരാസൂത്രണ പദ്ധതി

വിശദ നഗരാസൂത്രണ പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള ഭൂമി:

| ഭൂമി ഏറ്റെടുക്കുന്നതിന്റെ ഉദ്ദേശ്യം | വിശദ നഗരാസൂത്രണ പദ്ധതി മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ സൂചന | തീരുമാനിക്കപ്പെട്ട/ നിർദ്ദേശിക്കപ്പെട്ട ഭൂമിയുടെ ഏറ്റെടുക്കൽ രീതി | ഉൾപ്പെടുത്തപ്പെട്ട ഭൂമിയുടെ വിശദാംശങ്ങൾ | | | ഏറ്റെടുക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ/ ച.മീറ്റർ) | ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങൾ, പണിപ്പാടുകൾ ആദിയായവയുടെ വിവരണം | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| | | | വില്ലേജുകളുടെ/ വില്ലേജിന്റെ പേര് | ബ്ലോക്ക് നമ്പരും റവന്യൂ വാർഡ് നമ്പരുകളും/ ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര് (ബാധകമായിടത്ത്) | സർവ്വേ/ റീ സർവ്വേ നമ്പരുകൾ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| | | | | | | | | |

സെക്രട്ടറി മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : …………………..
തീയതി : …………………..

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

ഫാറം-V

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 7 (എ) (ix) കാണുക]

………………………. മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള വിശദ നഗരാസൂത്രണ പദ്ധതി

വിശദ നഗരാസൂത്രണ പദ്ധതിക്കു വേണ്ടി നീക്കി വയ്ക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള ഭൂമി:

| ക്രമ നമ്പർ | പ്രദേശം | വിശദ നഗരാസൂത്രണ പദ്ധതി മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ സൂചന | സ്ഥലം നീക്കി വെയ്ക്കപ്പെട്ടതിന്റെ ഉദ്ദേശ്യം | ഹെക്ടറിൽ/ച.മീറ്ററിൽ ഉള്ള ഏകദേശ വിസ്തീർണ്ണം | കുറിപ്പ് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

സെക്രട്ടറി                    മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : ……………………

തീയതി :……………………

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

ഫാറം-VI

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 7 (എ) (x) കാണുക]

……………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്

വേണ്ടിയുള്ള വിശദ നഗരാസൂത്രണ പദ്ധതി

വിശദ നഗരാസൂത്രണ പദ്ധതിയുടെ മതിപ്പ് ചെലവ്

| ചെലവ് | | | മതിപ്പ് | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ഇനം | ഏകദേശ വില (രൂപയിൽ) | ക്രമ നമ്പർ | ഇനം | പ്രതീക്ഷിക്കുന്നത് (രൂപയിൽ) |
| 1 | ഭൂമി, കെട്ടിടങ്ങൾ ആദിയായവയുടെ ഏറ്റെടുക്കൽ<br>(i)<br>(ii)<br>……………………… | | 1 | ഗ്രാന്റുകൾ, തനതു ഫണ്ട്, സംഭാവനകൾ എന്നിവ<br>(i)<br>(ii)<br>…………………… | |
| 2 | ലേ ഔട്ട് പ്ലാനുകൾ, കെട്ടിട നിർമ്മാണ പ്ലാനുകളും പ്രസക്തമായ മറ്റ് ഡ്രോയിംഗുകൾ, വിവരണങ്ങൾ, വിശദമായ സർവ്വേകൾ ആദിയായവ തയ്യാറാക്കുന്നതിനുള്ള ചെലവ് | | 2 | സ്ഥലത്തിന്റേയും കെട്ടിടങ്ങളുടേയും വിൽപ്പനത്തുക | |
| 3 | നിർദ്ദേശങ്ങൾ പ്രകാരമുള്ള മെച്ചപ്പെടുത്തൽ/പണികൾ നടത്തൽ<br>(i)<br>(ii)<br>………………………… | | 3 | തുക ചെലവ് കൊള്ളിക്കേണ്ടത്<br>(i)<br>(ii)<br>………………… | |
| 4 | മറ്റ് ഇനങ്ങൾ<br>(i)<br>(ii)<br>…………………………… | | 4 | മറ്റ് ഇനങ്ങൾ<br>(i)<br>(ii)<br>…………………… | |
| | ആകെ | | | ആകെ | |

സെക്രട്ടറി മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : ………………..

തീയതി :…………………..

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

ഫാറം-VII

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 8(2) കാണുക]

…………………………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത്

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9-ാം ആക്റ്റ്) 46-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരം ………………………………ന്റെ വേണ്ടിയുള്ള വിശദ നഗരാസൂത്രണ പദ്ധതി പ്രസിദ്ധീകരിക്കുന്നതിനുള്ള നോട്ടീസ്

…………………………. മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന വിശദാംശങ്ങളോട് കൂടിയ ആസൂത്രണ പ്രദേശത്തെ വിശദ നഗരാസൂത്രണ പദ്ധതി …………………………………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വെബ് സൈറ്റായ www. …………………………………… (വെബ് സൈറ്റ് വിലാസം സൂചിപ്പിക്കുക)-ൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 46-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിരിക്കുന്നു.

(എ.) അതിരുകൾ:

വടക്ക് ……………………………………….

കിഴക്ക് ……………………………………….

തെക്ക് ……………………………………….

പടിഞ്ഞാറ് ……………………………………

(ബി.) റവന്യൂ സർവ്വെ അല്ലെങ്കിൽ റീ സർവ്വെ നമ്പരുകൾ, ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും/ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര്, അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേര്

………………………………………………………………………………………………………………………
………………………………………………………………………………………………………………………
………………………………………………………………………………………………………………………
………………………………………………………………………………………………………………………
………………………………………………………………………………………………………………………
………………………………………………………………………………………………………………………

ഓഫീസ് പ്രവൃത്തി സമയത്ത് പൊതുജനങ്ങളുടെ പരിശോധനയ്ക്കായി വിശദ നഗരാസൂത്രണ പദ്ധതിയുടെ ഒരു കരട്, ……………………………… മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്റെ ഓഫീസിലും സൂക്ഷിച്ചിട്ടുണ്ട്.

ഔദ്യോഗിക ഗസറ്റിൽ നോട്ടീസ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ താല്പര്യമുള്ള ആർക്കും, വിശദ നഗരാസൂത്രണ പദ്ധതിയെ സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും …………………………

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിക്കാവുന്നതാണ്.

കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 2016-ന്റെ (2016-ലെ 9 ) 61-ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാട്ടുള്ളതല്ല.

സെക്രട്ടറി മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : .......................

തീയതി : .......................

FEELA KANNUR

## ഫാറം – VIII

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 5(ii), 9(1) (iii) കാണുക]

…………………………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത്

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 46-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചതും ഇത് സംബന്ധിച്ച നോട്ടീസ് ………………….. തീയതിയിലെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത …………………………… വേണ്ടിയുള്ള കരട് വിശദ നഗരാസൂത്രണ പദ്ധതി സംബന്ധിച്ച് ലഭ്യമായ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സംബന്ധിച്ച റിപ്പോർട്ട്

| ക്രമ നമ്പർ | ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ലഭിച്ച തീയതി | ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ച ആളിന്റെ പേരും വിലാസവും | ആക്ഷേപങ്ങളുടെയും നിർദ്ദേശങ്ങളുടെയും സ്വഭാവം/വിശദാംശങ്ങൾ | നേരിട്ട് കേൾക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ നേരിട്ട് കേട്ടതിന്റെ വിശദാംശങ്ങൾ | സ്പെഷ്യൽ കമ്മിറ്റിയുടെ അഭിപ്രായം (രൂപീകരിച്ചിട്ടുണ്ടെങ്കിൽ) | മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്റെ ശിപാർശ |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| | | | | | | |

സെക്രട്ടറി

മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : ……………………

തീയതി :…………………..

സർക്കാർ ആവശ്യത്തിന് മാത്രം

46-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ജില്ലാ ആസൂത്രണ സമിതി/മെട്രോപൊളിറ്റൻ ആസൂത്രണ സമിതിയുടെ പരാമർശം ഏതെങ്കിലുമുണ്ടെങ്കിൽ അത് ………………………………………………………………………………………

46-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ആസൂത്രണവുമായി ബന്ധപ്പെട്ട മുഖ്യനഗരാസൂത്രകന്റെ സാങ്കേതിക അഭിപ്രായം ഏതെങ്കിലുമുണ്ടെങ്കിൽ അത് ………………………………………………………………………………………

46-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരമുള്ള സർക്കാരിന്റെ തീരുമാനം ………………………………………………………

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

ഫാറം-IX

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 9(2) കാണുക]

…………………………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത്

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 46-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ……………………………….ന്റ വേണ്ടിയുള്ള കരട് വിശദ നഗരാസൂത്രണ പദ്ധതി സർക്കാർ അംഗീകാരത്തിനായി അയയ്ക്കുന്നത്

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 46-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം……………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത്, താഴെ പറയുന്ന വിശദാംശങ്ങളോട് കൂടിയ ആസൂത്രണ പ്രദേശത്തിനായി ഒരു വിശദ നഗരാസൂത്രണ പദ്ധതി അംഗീകരിക്കാൻ/പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കാൻ/പരിഷ്കരണങ്ങളില്ലാതെ സ്വീകരിക്കാൻ തീരുമാനിച്ചു.

(എ.) അതിരുകൾ:

വടക്ക് ……………………………………

കിഴക്ക് ……………………………………

തെക്ക് ……………………………………

പടിഞ്ഞാറ് ……………………………………

(ബി.) റവന്യൂ സർവ്വെ അല്ലെങ്കിൽ റീ സർവ്വെ നമ്പരുകൾ, ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും/ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര്, അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേര്

……………………………………………………

……………………………………………………

……………………………………………………

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 46-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം അംഗീകരിച്ച/പരിഷ്കരണങ്ങളോടുകൂടിസ്വീകരിച്ച/പരിഷ്കരണങ്ങളില്ലാതെ സ്വീകരിച്ച ……………. തീയതിയിലെ ………………… പ്രമേയം വഴി അംഗീകരിച്ച ……………………….. മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്റെ കരട് വിശദ നഗരാസൂത്രണ പദ്ധതി, താഴെപ്പറയുന്നവ ഉൾപ്പെടുത്തി സർക്കാരിലേയ്ക്ക് അയയ്ക്കുന്നു.

(i) റിപ്പോർട്ട്, ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ കാണിക്കുന്ന മാപ്പ് - ഡിഎസ്എൻ/01, വിശദ നഗരാസൂത്രണ പദ്ധതിയുടെ മാപ്പ് - ഡി എസ് എൻ/03 അല്ലെങ്കിൽ ഡിഎസ്എൻ/03 പരിഷ്കരിച്ചത് എന്നിവ ഉൾപ്പെടുന്ന വിശദ നഗരാസൂത്രണ പദ്ധതി രേഖ, എല്ലാം യഥാവിധി ഒപ്പിട്ടത് (……………… എണ്ണം)

(ii) ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അസ്സൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

(iii) മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ ഗ്രാമപഞ്ചായത്തിന്റെ ഫാറം VIII -യിലുള്ള ശിപാർശ, യഥാവിധി ഒപ്പിട്ടത്

(iv) വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതിനായി/ തയ്യാറാക്കിക്കുന്നതിനായി/ പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കുന്നതിനായി/പരിഷ്കരണങ്ങളില്ലാതെ സ്വീകരിക്കുന്നതിനായി എടുത്ത തീരുമാനത്തിന്റെ പകർപ്പുകൾ, യഥാവിധി ഒപ്പിട്ടത് (................. എണ്ണം)

(v) വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുകയോ/തയ്യാറാക്കിക്കുകയോ/ പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കുകയോ പരിഷ്കരണങ്ങളില്ലാതെ സ്വീകരിക്കുകയോ ചെയ്യുന്നതിനുള്ള ഉദ്ദേശ്യം ഫാറം-I-ൽ വിജ്ഞാപനം ചെയ്തതിന്റെ പകർപ്പുകൾ

(i) ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചത് (....................... എണ്ണം)

(ii) വർത്തമാന പത്രങ്ങളിൽ പ്രസിദ്ധീകരിച്ചത് (........................ എണ്ണം)

(vi) ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് വിശദ നഗരാസൂത്രണ പദ്ധതി പ്രസിദ്ധീകരിച്ച ഫാറം VII-ൽ ഉള്ള നോട്ടീസിന്റെ പകർപ്പുകൾ

(i) ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചത് (.............................. എണ്ണം)

(ii) വർത്തമാന പത്രങ്ങളിൽ പ്രസിദ്ധീകരിച്ചത് (........................... എണ്ണം)

(vii) കരട് വിശദ നഗരാസൂത്രണ പദ്ധതി അംഗീകരിച്ചുകൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പുകൾ യഥാവിധി ഒപ്പിട്ടത് (....................... എണ്ണം)

സെക്രട്ടറി മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : .......................

തീയതി :.......................

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

<u>ഫാറം-X</u>

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 11(1) കാണുക]

…………………………………. മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത്

2016-ലെ <u>കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 46-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് അനുമതി നൽകപ്പെട്ട വസ്തുത അറിയിക്കുന്ന വിജ്ഞാപനം</u>

……………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ/സ്വീകരിച്ച താഴെ പറയുന്ന വിശദാംശങ്ങളോട് കൂടിയ ആസൂത്രണ പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 2016 (2016-ലെ 9) 46-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ…………………. തീയതി ………………….. പ്രകാരം അംഗീകാരം നൽകപ്പെട്ടിട്ടുള്ള വസ്തുത ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(എ.) <u>അതിരുകൾ:</u>

വടക്ക് ……………………………………..

കിഴക്ക് ……………………………………..

തെക്ക് ……………………………………..

പടിഞ്ഞാറ് ……………………………………

(ബി.) <u>റവന്യൂ സർവ്വെ അഥവാ റീ സർവ്വെ നമ്പരുകൾ, ബാധകമാകുന്ന പക്ഷം, ബ്ലോക്ക് നമ്പരുകളും റവന്യൂ വില്ലേജുകളും/ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര് അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേരും</u>

……………………………………………………………………………………………………………………………

……………………………………………………………………………………………………………………………

……………………………………………………………………………………………………………………………

……………………………………………………………………………………………………………………………

ഈ വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് അനുസൃതമല്ലാതെയോ ഭംഗം വരുത്തുന്ന വിധത്തിലോ ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : …………………..

തീയതി :………………..

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

ഫാറം–XI

2021–ലെ കേരള നഗര–ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 11(2) കാണുക]

……………………….മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത്

2016 –ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റ് (2016–ലെ 9) 46–ാം വകുപ്പ് (6)–ാം ഉപവകുപ്പ് പ്രകാരം ………………………………………………. വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് അനുമതി ലഭിച്ചത് സംബന്ധിച്ച നോട്ടീസ്

………………………. മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ/സ്വീകരിച്ച താഴെ പറയുന്ന വിശദീകരണങ്ങളോടു കൂടിയ ആസൂത്രണ പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതി സർക്കാർ ഉത്തരവ് നമ്പർ …………………… തീയതി …………… പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതും ഈ വസ്തുത കേരള ഗസറ്റ് നമ്പർ ……………. തീയതി …………. എസ്സ്.ആർ.ഒ. നമ്പർ ………………… ആയി 2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റ് (2016–ലെ 9) 46–ാം വകുപ്പ് (6)–ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

(എ.) അതിരുകൾ:

വടക്ക് ………………………………………

കിഴക്ക് ………………………………………

തെക്ക് ………………………………………

പടിഞ്ഞാറ് ……………………………………

(ബി.) റവന്യൂ സർവ്വെ അല്ലെങ്കിൽ റീ സർവ്വെ നമ്പർ, ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും/ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര്, അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേരും

……………………………………………………………………………………………………………………………

……………………………………………………………………………………………………………………………

……………………………………………………………………………………………………………………………

സർക്കാർ അംഗീകാരം നൽകിയ വിശദ നഗരാസൂത്രണ പദ്ധതി ………………………. മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ അംഗീകാരം ലഭിച്ച വിശദ നഗരാസൂത്രണ പദ്ധതിയുടെ പകർപ്പ് പരിശോധനയ്ക്കായോ വിൽപ്പനയ്ക്കായോ ………………………. മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്റെ ഓഫീസ്സിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഈ വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് അനുയോജ്യമല്ലാതെയോ ഭംഗം വരുത്തുന്ന വിധത്തിലോ ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്

സ്ഥലം : …………………..

തീയതി :…………………..

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

ഫാറം-XII

2021 -ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 14(1) കാണുക]

…………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത്

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ (2016-ലെ 9-ാം ആക്ട്) 50-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് പ്രകാരം ………………………………ന്റെ വേണ്ടിയുള്ള വിശദ നഗരാസൂത്രണ പദ്ധതി സർക്കാർ വ്യതിയാനം വരുത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള നോട്ടീസ്

……………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന വിശദാംശങ്ങളോട് കൂടിയ ആസൂത്രണ പ്രദേശത്തെ വിശദ നഗരാസൂത്രണ പദ്ധതിയുടെ കരട് വ്യതിയാനം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ (2016-ലെ 9) 50-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിരിക്കുന്നു.

(എ.) അതിരുകൾ:
വടക്ക് ………………………………………
കിഴക്ക് ………………………………………
തെക്ക് ………………………………………
പടിഞ്ഞാറ് …………………………………

(ബി.) റവന്യൂ സർവ്വെ അല്ലെങ്കിൽ റീ സർവ്വെ നമ്പരുകൾ, ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും/ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര്, അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേര്

……………………………………………………………………………………………………
……………………………………………………………………………………………………
……………………………………………………………………………………………………
……………………………………………………………………………………………………
……………………………………………………………………………………………………
……………………………………………………………………………………………………

ഓഫീസ് പ്രവൃത്തി സമയത്ത് പൊതുജനങ്ങളുടെ പരിശോധനയ്ക്കായി വിശദ നഗരാസൂത്രണ പദ്ധതിയുടെ ഒരു കരട്, ……………………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്റെ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

ഔദ്യോഗിക ഗസറ്റിൽ നോട്ടീസ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ താല്പര്യമുള്ള ആർക്കും, വിശദ നഗരാസൂത്രണ പദ്ധതിയെ സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിനെ/ …………………… (സർക്കാർ നിയോഗിച്ച അധികാരി) രേഖാമൂലം അറിയിക്കാവുന്നതാണ്.

കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016-ന്റെ (2016-ലെ 9) 61-ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

ഗവൺമെന്റ് സെക്രട്ടറി

സ്ഥലം : …………………

തീയതി :…………………

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

ഫാറം–XIII

2021 –ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 14(4) കാണുക]

………………. മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ ഗ്രാമ പഞ്ചായത്ത്

2016 –ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016–ലെ 9) 50–ാം വകുപ്പിന്റെ (3)–ാം ഉപവകുപ്പ് പ്രകാരം ……………………………………………… വിശദ നഗരാസൂത്രണ പദ്ധതി വ്യതിയാനം വരുത്തിയത് സംബന്ധിച്ച നോട്ടീസ്

……………………… മുനിസിപ്പൽ കോർപ്പറേഷനിലെ/മുനിസിപ്പൽ കൗൺസിലിലെ/ടൗൺ പഞ്ചായത്തിലെ/ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന വിശദീകരണങ്ങളോട്ടു കൂടിയ ആസൂത്രണ പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതി സർക്കാർ ഉത്തരവ് നമ്പർ …………………… തീയതി …………… പ്രകാരം സർക്കാർ വ്യതിയാനം വരുത്തിയിട്ടുള്ളതും ഈ വസ്തുത കേരള ഗസറ്റ് നമ്പർ ……………. തീയതി …………. എസ്സ്.ആർ.ഒ. നമ്പർ ………………… ആയി 2016–ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016–ലെ 9) 50–ാം വകുപ്പിന്റെ (3)–ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

(എ.) അതിരുകൾ:

വടക്ക് ………………………………………
കിഴക്ക് ………………………………………
തെക്ക് ………………………………………
പടിഞ്ഞാറ് ……………………………………

(ബി.) റവന്യൂ സർവ്വേ അല്ലെങ്കിൽ റീ സർവ്വേ നമ്പർ, ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും/ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര്, അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേരും

…………………………………………………………………………………………………………………
…………………………………………………………………………………………………………………
…………………………………………………………………………………………………………………

സർക്കാർ വ്യതിയാനം വരുത്തിയ വിശദ നഗരാസൂത്രണ പദ്ധതി ……………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിശദ നഗരാസൂത്രണ പദ്ധതിയുടെ പകർപ്പ് പരിശോധനയ്ക്കായോ വിൽപ്പനയ്ക്കായോ ……………………… മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിന്റെ ഓഫീസിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഈ വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് അനുയോജ്യമല്ലാതെയോ ഭംഗം വരുത്തുന്ന വിധത്തിലോ ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

ഗവൺമെന്റ് സെക്രട്ടറി

സ്ഥലം : …………………

തീയതി :…………………

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ശാരദ മുരളീധരൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FEELA KANNUR

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ 112-ാം വകുപ്പ് സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്റ്റിലെ 112-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഔദ്യോഗിക വിജ്ഞാപനം വഴി ചട്ടങ്ങൾ നിർമ്മിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. മേൽപ്പറഞ്ഞ വ്യവസ്ഥകളനുസരിച്ച് ചട്ടങ്ങൾ നിർമ്മിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/